**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 589** **11-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷി നാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ഡോ. എം.കെ . മുനീർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും വ്യാപകമായുണ്ടായ കൃഷി നാശത്തിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ ശക്തമായ മഴയിലും, വെള്ളപ്പൊക്കത്തിലും, മണ്ണിടിച്ചിലിലും 12/10/2021 മുതൽ 04/11/2021 വരെ AIMS Portal മുഖേനയുള്ള പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 1,26,957 കർഷകരുടെ 59,110.81 ഹെക്ടർ സ്ഥലത്തായി ആകെ 49,340.77 ലക്ഷം രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത നഷ്ടപരിഹാരം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും, സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും, കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച |

| | | | |
|---|---|---|---|
| | | | കർഷകർക്ക് അടിയന്തിര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തിരമായി നടത്തിവരികയാണ്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ ആവശ്യം പരിഗണിച്ച് കഴിഞ്ഞ 2021 ഒക്ടോബർ മാസം 12-ാം തീയതി മുതൽ ഒക്ടോബർ 30 വരെ ഉണ്ടായ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ AIMS പോർട്ടലിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 നവംബർ മാസം 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തി ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ലയുടെ പേര്** | **കൃഷിഭൂമിയുടെ വിസ്തൃതി** | **കർഷകരുടെ എണ്ണം** | **നാശനഷ്ടത്തിന്റെ കണക്ക് (തുക ലക്ഷത്തിൽ)** |
|---|---|---|---|
| ആലപ്പുഴ | 19,348.86 | 28,351 | 7,524.46 |
| ഇടുക്കി | 301.52 | 6,163 | 3,249.88 |
| പാലക്കാട് | 4,785.71 | 7,237 | 4,403.26 |
| കണ്ണൂർ | 849.43 | 3,005 | 600.26 |
| കൊല്ലം | 1,750.18 | 9,802 | 2,831.49 |
| എറണാകുളം | 2,074.48 | 8,606 | 2,512.42 |
| വയനാട് | 2,009.00 | 138 | 54.35 |
| തിരുവനന്തപുരം | 707.37 | 6,698 | 1,668.43 |
| തൃശ്ശൂർ | 17,841.88 | 18,930 | 9,507.27 |
| കാസർഗോഡ് | 287.63 | 1,901 | 283.46 |
| കോഴിക്കോട് | 764.54 | 4,592 | 1,448.86 |
| മലപ്പുറം | 4,494.63 | 7,904 | 6,102.85 |
| കോട്ടയം | 3,064.16 | 12,701 | 6,720.47 |
| പത്തനംതിട്ട | 831.42 | 10,929 | 2,433.31 |
| **ആകെ** | **59,110.81** | **1,26,957** | **49,340.77** |